(സി) ഇത്തരം കേസുകളും കേന്ദ്രമാക്കി ആധുനിക രീതിയിലുള്ള ഒരു പരിശീലന കേന്ദ്രം സ്ഥാപിക്കാൻ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്നു. അതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. എടവണ്ണ ആസ്ഥാനമാക്കി പുതിയ സബ് രജിസ്ട്രാർ ഓഫീസ് തുടങ്ങുന്നതുമായി ബന്ധപ്പെട്ട് നടപടികൾ നടന്നുവരുന്നു. മറ്റ് പ്രഖ്യാപനങ്ങൾ എല്ലാം നടപ്പിലാക്കിയിട്ടുണ്ട്.

മിഷൻ 676

242 (1286) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) രജിസ്ട്രേഷൻ വകുപ്പിൽ മിഷൻ 676 പ്രകാരം പ്രഖ്യാപിക്കപ്പെട്ട പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ ;

(ബി) ഇവയിൽ പൂർണ്ണമായും നടപ്പിലാക്കിയിട്ടുള്ളവ ഏതൊക്കെ ; ചെലവഴിച്ച തുക എത്ര ; 2014-15 ബഡ്ജറ്റിൽ വകയിരുത്തിയതല്ലാത്ത തുക ഇതിനായി ഉപയോഗിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ ;

(സി) മിഷൻ 676 പ്രകാരം പ്രഖ്യാപിക്കപ്പെട്ട പദ്ധതികളിൽ നാളിതുവരെ പ്രവർത്തനം ആരംഭിച്ചിട്ടില്ലാത്തവ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) രജിസ്ട്രേഷൻ വകുപ്പിന് കീഴിൽ മിഷൻ 676-ൽ ഉൾപ്പെടുത്തിയ പദ്ധതികൾ താഴെ വിവരിക്കുന്നു :

1. എറണാകുളം ജില്ലയിലെ ചരിത്രരേഖകളും കേന്ദ്രമായി രജിസ്ട്രേഷൻ വകുപ്പിന്റെ നിയന്ത്രണത്തിൽ ജീവനക്കാരെ പരിശീലിപ്പിക്കുന്നതിനായി അത്യാധുനിക സംവിധാനങ്ങളോടുകൂടിയ പരിശീലന കേന്ദ്രം ആരംഭിക്കൽ, അതോടൊപ്പം 100 വർഷത്തിലധികം പഴക്കമുള്ള വാല്യങ്ങൾ കേടുകൂടാതെ സൂക്ഷിക്കുന്നതിന് ശാസ്ത്രീയമായ രീതിയിൽ പരിരക്ഷിക്കുന്നതിനുള്ള കേന്ദ്രം സ്ഥാപിക്കൽ.

2. ഒരു വർഷത്തിൽ താഴെ കാലയളവിലേക്കുള്ള ബാധ്യതാ സർട്ടിഫിക്കറ്റുകൾ അപേക്ഷാ തീയതിയിൽ തന്നെ നൽകുന്നതിനുള്ള പ്രത്യേക സംവിധാനം ഏർപ്പെടുത്തൽ.

3. ഓരോ ജില്ലയിലും തെരഞ്ഞെടുക്കപ്പെട്ട രണ്ട് സബ് രജിസ്ട്രാർ ഓഫീസുകളിൽ പരീക്ഷണാടിസ്ഥാനത്തിൽ ഫ്രണ്ട് ഓഫീസ് സൗകര്യം ഏർപ്പെടുത്തൽ.

LIBRARY ARCHIVES Kerala Legislative Assembly

4. സംസ്ഥാനത്തെ എല്ലാ സബ് രജിസ്ട്രാർ ഓഫീസുകളെയും ഇന്റർനെറ്റ് അധിഷ്ഠിതമാക്കുന്നതിനായുള്ള നെറ്റ്‌വർക്കിംഗ് പദ്ധതി ഒരു വർഷത്തിനകം പൂർത്തിയാക്കൽ.

(ബി) ഒരു വർഷത്തിൽ താഴെ കാലയളവിലേക്കുള്ള ബാധ്യതാ സർട്ടിഫിക്കറ്റുകൾ അപേക്ഷാ തീയതിയിൽത്തന്നെ നൽകുന്നതിനുള്ള ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. മേൽ വിവരിച്ച മറ്റ് പദ്ധതികളുടെയെല്ലാം നടപടികൾ പുരോഗമിച്ചുവരികയാണ്. 2014-15 ബഡ്ജറ്റിൽ വകയിരുത്തിയതല്ലാതെ ഇതു ഇതിനായി വിനിയോഗിച്ചിട്ടില്ല.

(സി) മേൽ വിവരിച്ച എല്ലാ പദ്ധതികളുടെയും നടപടികൾ പുരോഗമിച്ചു വരികയാണ്.

ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി സ്കൂളുകളിൽ അസംബ്ലിഹാൾ നിർമ്മിക്കുന്നതു സംബന്ധിച്ച്

243 (1287) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി സ്കൂളുകളിൽ അസംബ്ലിഹാൾ നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട പ്രോജക്ട് മാസങ്ങൾ മുമ്പേ പി.ഡബ്ല്യു.ഡി. ബിൽഡിംഗ്സ് അധികൃതർക്ക് നൽകിയിട്ടും എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിക്കാൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ ?

ഉത്തരം

തൃക്കരിപ്പൂർ മണ്ഡലത്തിൽ എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി 8 സ്കൂളുകളിൽ അസംബ്ലിഹാൾ നിർമ്മിക്കുന്നതിനായി 120 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് 2-12-2014-ന് എക്സിക്യൂട്ടീവ് എഞ്ചിനീയർ തയ്യാറാക്കി സമർപ്പിച്ചതിൽ ചില ന്യൂനതകൾ കണ്ടെത്തിയതിനാൽ പ്രസ്തുത എസ്റ്റിമേറ്റ് 21-1-2015-ന് സൂപ്രണ്ടിംഗ് എഞ്ചിനീയർ തിരിച്ചയച്ചിരിക്കുകയാണ്. പൂരിപ്പിച്ച എസ്റ്റിമേറ്റ് ലഭിക്കുന്ന മുറയ്ക്ക് മേൽ നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly